

എറണാകുളം മിസ്സം

VOL. II. ഫൻവർ. No. 10.

വിഷയവിവരം.

		പക്ഷം.
ക.	തിരുഹൃദയത്തിന്റെ മാസം	൧൯൩
ഖ.	Nuntius ad cor Sacerdotis	൧൪൦
ഗ.	പരീക്ഷാവിഷയം; ആണ്ടുകുമ്പസാരമുടക്കക്കാർ	൧൪൨
ഘ.	പത്രോസിന്റെ കാര്യം	൧൪൩
ങ.	De iis, quae referuntur ad graviter aegrotantes, moribundos et mortuos.	൧൪൫
ച.	വേദപ്രചാരസംഘം	൧൪൭
ഛ.	കുറിപ്പുകൾ	൧൪൮

എറണാകുളം മിസ്സം.

Vol. II. മകരം. No. 10.

No. 56.

ദൈവകൃപയാലും
ശ്ലീഹാക്കൂട്ടത്ത സിംഹാസനത്തിന്റെ മനോഗ്രണത്താലും
എറണാകുളം അതിരൂപതയുടെ
മെത്രാപ്പോലീത്തയായി തെരിഞ്ഞെടുക്കപ്പെട്ടിരിക്കുന്ന

നാം,
കണ്ടത്തിൽ ആഗ്രസ്തീനോസ്

നമ്മുടെ അധികാരത്തിൽപെട്ട പള്ളികളിലെ ബ. വികാരിമാക്കും,
അസിസ്റ്റന്തിമാക്കും, ശേഷം പട്ടക്കാക്കും, കൊവേന്തകളുടെ
ബ. ശ്രേഷ്ഠന്മാക്കും, മറു സന്ന്യാസാന്തസ്സുകാക്കും,
വിശ്വാസികൾം എല്ലാവക്കും നമ്മുടെ കത്താവീ
ശോമ്ശിഹായിൽ സുസ്ഥതയും വാഴ്വും.

ബ. സഹോദരരെ, വാത്സല്യ മക്കളെ!

നമ്മുടെകത്താവീശോമ്ശിഹാ മഗ്ദലീത്താ മറിയം എന്ന പുണ്യവതിക്കു പ്രത്യക്ഷനായി തന്റെ തിരുഹൃദയത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു, "മനുഷ്യരെ ഇത്രയധികം സ്നേഹിച്ച ഹൃദയത്തെ കണ്ടാലും" എന്നരുളിച്ചെയ്ത വാക്യം, ഓരംശോയുടെ തിരുഹൃദയത്തിന്റെ സ്തുതിക്കായി പ്രത്യേകം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഈ ജൂൺമാസത്തിൽ, നമ്മൾം വിശേഷവിധിയായി ഓമ്മിക്കേണ്ടിയിരിക്കുന്നു. മനുഷ്യരുടെ നേരെയുള്ള സ്നേഹത്താൽ പ്രേരിതനായി മ്ശിഹാ തന്റെ സ്വർഗ്ഗീയ സിംഹാസനം ഉപേക്ഷിച്ചു് മനുഷ്യസ്വഭാവം സ്വീകരിച്ചു; ഒരു തൊഴുക്കൂട്ടിൽ പിറന്നു് നിഃസ്വനും പീഡിതനുമായി

ജീവിച്ചു; ഒടുവിൽ മഹാ ക്രൂരതരമായ മരണം അനുഭവിച്ചു. ഇതുകൊണ്ടും തന്റെ സ്നേഹം തൃപ്തിയടയാഞ്ഞതിനാൽ, അവിടന്നു് ശ്ര. കുർബാന യെന്ന കൂദാശയെ സ്ഥാപിച്ചു്, അതിൽ ഇടവിടാതെ എഴുന്നെള്ളിയിരുന്നു് ലോകത്തിന്റെ അവസാനംവരെ നമ്മോടുകൂടെ ഇഹത്തിൽ വസിക്കയും ചെയ്യുന്നു.

പ്രകൃതിനിയമങ്ങളെ ഉല്ലംഘിക്കുന്ന അനേക അത്ഭുതകരമായ പ്രവൃത്തികളാൽ തന്റെ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും മറച്ചുവച്ചുകൊണ്ടു് സ്നേഹത്തിന്റെ ഈ കൂദാശയിൽ അവിടന്നു് എഴുന്നെള്ളിയിരിക്കുന്നതു് നമ്മുടെ രക്ഷയെക്കുറിച്ചുമാത്രമല്ലയോ? "കഷ്ടപ്പെടുന്നവരും ഖിന്നമായ ഭാരത്താൽ ബുദ്ധിമുട്ടുന്നവരുമായ നിങ്ങളെല്ലാവരും എന്റെ പക്കൽ വരുവിൻ, ഞാൻ നിങ്ങൾക്കു് ആശ്വാസവും, നിങ്ങളുടെ ആത്മാവിനു സമാധാനവും നൽകാം" എന്നരുളിച്ചെയ്തുകൊണ്ടു് അവിടന്നു നമ്മെ സദാ ക്ഷണിക്കുന്നു. ശ്ര. കുർബാനയിൽ യഥാർത്ഥമായ വിശ്വാസവും നമ്മുടെ രക്ഷയുടെ കാര്യത്തിൽ വാസ്തവമായ താല്പര്യവുമുണ്ടെങ്കിൽ ഈ ക്ഷണം സ്വീകരിച്ചു് രാശോയുടെ തിരുമുമ്പിൽ കൂടക്കൂടെ ചെല്ലുന്നതിനു് എത്രയെത്ര ന്യായങ്ങളാൽ നമ്മൾ നിർബന്ധിതരായിരിക്കുന്നുണ്ടു്!

നമ്മുടെ കർത്താവു് ഇഹത്തിൽ ജീവിച്ചിരുന്നപ്പോൾ, പ്രത്യേകിച്ചു് അവിടത്തെ പരസ്യജീവിതകാലത്തിൽ, വിശ്വാസത്തോടും എളിമയോടും തന്റെ സഹായം അപേക്ഷിച്ചവർക്കെല്ലാം അവിടന്നു് ശാരീരികവും ആത്മികവുമായ അനുഗ്രഹങ്ങൾ നൽകിയെന്നു് സുവിശേഷകന്മാർ സാക്ഷ്യം വഹിക്കുന്നുണ്ടല്ലോ. കാനായിലെ കല്യാണവിരുന്നിൽ വെള്ളം വീഞ്ഞായി രൂപാന്തരപ്പെടുത്തിയതു മുതൽ, കുരിശിൽ തൂങ്ങിക്കിടന്നു് കഠിനവേദനയനുഭവിച്ച കള്ളനു് പരമാത്മമായ മനസ്താപവും തൽഫലമായി സ്വർഗ്ഗീയഭാഗ്യവും നൽകിയതുവരെ അവിടന്നു് ഇടമുറിയാതെ വർഷിച്ചുകൊണ്ടിരുന്ന അനുഗ്രഹങ്ങൾ അത്ഭുതകരങ്ങളും അസംഖ്യങ്ങളുമായിരുന്നു. അന്നു് ഏതു ദിവ്യശക്തി ഉപയോഗിച്ചും, ഏതുപ്രകാരമുള്ള വികാരങ്ങളാൽ പ്രേരിതനായും അവിടന്നു് ആ അനുഗ്രഹവർഷം ചെയ്തിരുന്നുവോ, അതേശക്തിയും വികാരങ്ങളും അണുപോലും കുറയാതെ വഹിച്ചുകൊണ്ടാണു് അവിടന്നു് ഈ സ്നേഹത്തിന്റെ കൂദാശയിൽ സന്നിഹിതനായിരിക്കുന്നതു്. വിശക്കുന്നവർക്കു് ക്ഷണവും, ദുഃഖിതന്മാർക്കു് ആശ്വാസവും, രോഗികൾക്കു് ആരോഗ്യവും, മരിച്ചവർക്കു് പുനർജ്ജീവനവും, പാപികൾക്കു് മോചനവും അക്കാലത്തു് ദാനം ചെയ്തതുപോലെ ഇന്നും ചെയ്യുന്നതിനുള്ള ശക്തിയും ദയയും അവിടത്തെ സ്വാധീനത്തിൽ തന്നെയിരിക്കുന്നു.

നമ്മുടെ കർത്താവീശോമ്ശിഹാ ഈ ഭൂമിയിൽ എവിടെങ്കിലും ഒരിടത്തു് ഒരു ദിവസം പ്രത്യക്ഷനാകുന്നപക്ഷം അവിടത്തെ സന്ദർശിക്കുന്നതിനും, ശാരീരികവും ആത്മികവുമായ അനുഗ്രഹങ്ങൾ ലഭിക്കുന്നതിനും നാനാജാതിക്കാരും മതക്കാരുമായ എത്രയേറെ ജനങ്ങൾ ആ സ്ഥലത്തു് ഓടിക്കൂട്ടമായിരിക്കും! അവിടത്തെ ദിവ്യമായ മുഖം ഒരു നോക്കുകാണുന്നതിനും, അവിടത്തെ തിരുവായിൽനിന്നു പുറപ്പെടുന്ന രക്ഷാകരമായ വാക്കുകൾ കേൾക്കുന്നതിനും, അവിടന്നു ധരിച്ചിരിക്കുന്ന വസ്ത്രത്തിന്റെ വിളുമ്പു തൊടുന്നതിനും എന്നുവേണ്ടാ അവിടത്തെ പാദസ്പർശത്താൽ പരിശുദ്ധമാക്കപ്പെടുന്ന സ്ഥലം സാഷ്ടാംഗം ചെയ്തു മുംബിക്കുന്നതിനും എത്രപേർ സന്നദ്ധരായിരിക്കും! ദിവ്യരക്ഷകന്റെ നേരെയുള്ള ഭക്തിയാലും സ്നേഹത്താലും എത്രയായിരം ജനങ്ങൾ വിദൂരമായ സമുദ്രങ്ങൾ കടന്നും, അസംഖ്യംപണം ചിലവു ചെയ്തും, വളരെ ബുദ്ധിമുട്ടുകൾ സഹിച്ചും അവിടന്നു ജനിച്ച ബേത്സ്ലഹവും, ജീവിച്ച നസറേത്തും, മരിച്ച ഗാഗുൽത്തായും കൊല്ലംതോറും സന്ദർശിക്കുന്നു! എന്നാൽ വിശ്വാസത്തിന്റെ കണ്ണുള്ളവർക്ക് വിദേശങ്ങളിൽ പോകാതെയും പണച്ചിലവു കൂടാതെയും വിശേഷ ബുദ്ധിമുട്ടുകൾ സഹിക്കാതെയും രക്ഷിതാവിനെ കാണാൻ കഴിയും! അവിടന്നു് ഏതു ഗ്രാമത്തിലുമുള്ള ഏതുചെറിയ കത്തോലിക്കാ ദേവാലയത്തിലും സന്നിഹിതനാണെന്നു് അവക്കറിയാം.

പ്രജകൾ രാജാക്കന്മാരുടെ സന്നിധിയിൽ സങ്കടങ്ങൾ ബോധിപ്പിച്ചു് നിവൃത്തിനേടുന്നു; രോഗികൾ തങ്ങളുടെ സുഖക്കേടുകൾ വൈദ്യന്മാരെ ഗ്രഹിപ്പിച്ചു് ഔഷധംവാങ്ങി ഉപയോഗിക്കുന്നു; ഭിക്ഷുക്കൾ തങ്ങളുടെ ദാരിദ്ര്യാവസ്ഥ ധനവാന്മാരെ അറിയിച്ചു് അവരുടെ സഹായം യാചിക്കുന്നു; സ്നേഹിതന്മാർ പരസ്പരം ഹൃദയം തുറന്നുകാണിച്ചു് സുഖദുഃഖങ്ങളിൽ പങ്കാളികളായിത്തീരുന്നു; കുറക്കാരൻ തന്റെ തെറ്റുകൾ ഏറ്റുപറഞ്ഞു് വിധിയാളനോടു് മാപ്പപേക്ഷിക്കുന്നു. ശ്ലൂ. കുമ്പാനയിൽ എഴുന്നെള്ളിയിരിക്കുന്ന രംശോ നമ്മുടെ രാജാവാണു്; വൈദ്യനാണു്; ഉപകാരിയാണു്; സ്നേഹിതനാണു്; വിധിയാളനാണു്. നമ്മൾ അവിടത്തെ സന്നിധിയിൽ ചെന്നപേക്ഷിച്ചാൽ അവിടന്നു് നമ്മുടെ സങ്കടങ്ങൾക്കു് നിവൃത്തിമാർഗ്ഗം ഉണ്ടാക്കിത്തരും. ശരീരത്തിലും ആത്മാവിലുമുള്ള സുഖക്കേടുകൾക്കു് ഔഷധം നൽകും; നമുക്കു് ആവശ്യമായ സകല സഹായങ്ങളും ചെയ്തുതരും; നമ്മുടെ സകല സുഖദുഃഖങ്ങളിലും പങ്കുകൊള്ളും; നമ്മുടെ എല്ലാക്കുറ്റങ്ങളും ക്ഷമിക്കും.

എന്നാൽ രാജാക്കന്മാരെയോ മഹാന്മാരായ മറ്റാളുകളേയോ സന്ദർശി

ക്കുന്നതിൽ നേരിടാവുള്ള ബുദ്ധിമുട്ടുകളും അസൌകര്യങ്ങളും ഔംശോയെ സന്ദർശിക്കുന്നതിൽ അശേഷം നേരിടുന്നതല്ല. ഔംശോയുടെ തിരുമുമ്പിൽ ചെല്ലുന്നതിനു് വിശേഷതരം വസ്ത്രങ്ങൾ ധരിക്കയോ, അന്യന്മാരുടെ ശിപാർശക്കത്തുകൾ വാങ്ങുകയോ, സമയംകാത്തു പടിവാതിൽക്കൽ നില്ക്കയോ ചെയ്യേണ്ട. അവിടന്നു് നമ്മെ സ്വീകരിക്കുന്നതിനും, നമ്മുടെ സങ്കടങ്ങൾ കേൾക്കുന്നതിനും, നമ്മോടു സംസാരിക്കുന്നതിനും, നമുക്കു സകല സഹായങ്ങളും ചെയ്യുന്നതിനും സദാ ഒരുങ്ങിയിരിക്കുന്നു.

അതിനാൽ ബ. സഹോദരരേ, പ്രിയ മക്കളേ, നമ്മുടെ നേരെയുള്ള സ്നേഹത്തെപ്രതി ശ്ലൂ. കുർബാനയിൽ എഴുന്നെള്ളിയിരിക്കയും, നമ്മളെ തന്റെ പക്കലേയ്ക്കു് സദാ ക്ഷണിക്കയും ചെയ്യുന്ന ഔംശോയെ നമ്മൾക്കു സന്ദർശിക്കാം. അവിടന്നു് സക്രാരിയിലിരുന്നുകൊണ്ടു് നമ്മളെ ഓരോരുത്തരേയും വീക്ഷിക്കുന്നുണ്ടെന്നും അവിടത്തെ തിരുഹൃദയം നമ്മളോടതിനോടൊപ്പം അടിക്കുന്നുണ്ടെന്നും ദൃഢമായി വിശ്വസിക്കാം. സൂര്യൻ മദ്ധ്യാഹ്നത്തിൽനിന്നു് തന്റെ പ്രകാശവും ചൂടുംകൊണ്ടു് സകല ജീവജാലങ്ങൾക്കും ചൈതന്യവും വളർച്ചയും നൽകുന്നതുപോലെ ഔംശോയുടെ തിരുഹൃദയം ശ്ലൂ. കുർബാനയിൽ ഇരുന്നു് നമ്മുടെ ഹൃദയങ്ങൾക്കു് ദൈവിക ചൈതന്യവും പുണ്യവർദ്ധനയും നൽകുന്നുവെന്നു് നമ്മൾക്കു ഗ്രഹിക്കാം. മനുഷ്യരുടെ രക്ഷയ്ക്കായി അവിടന്നു് ഇപ്രകാരം ശ്ലൂ. കുർബാനയിൽ എഴുന്നെള്ളിയിരിക്കുന്നെങ്കിലും അവിടത്തെ സാന്നിദ്ധ്യം അറിയാത്തവരും, അതു നിഷേധിക്കയോ അലക്ഷ്യമായി കരുതുകയോ ചെയ്യുന്നവരും എന്നുവേണ്ടാ പലപ്രകാരമുള്ള നിന്ദനങ്ങളാൽ അവിടത്തേയ്ക്കു് വളരെ മനോദണ്ഡം വരുത്തുന്നവരുമായ എത്രയോ ലക്ഷം മനുഷ്യർ ഉണ്ടു്! അവരിൽനിന്നു് അവിടന്നു് അനുഭവിക്കുന്ന ദണ്ഡങ്ങൾക്കു് നമ്മളാൽ കഴിയുന്നവിധം പരിഹാരംചെയ്യാൻ നമുക്കു ശ്രമിക്കാം. ഈ മാസത്തിൽ പ്രത്യേകിച്ചു് നമ്മൾ ശ്ലൂ. കുർബാനയിൽ എഴുന്നെള്ളിയിരിക്കുന്ന അവിടത്തെ കൂടക്കൂടെ സന്ദർശിച്ചും ഭക്തിപൂർവം കൈക്കൊണ്ടും നമുക്കുവേണ്ട അനുഗ്രഹങ്ങൾ അപേക്ഷിക്കയും, നമുടേയും മറ്റു മനുഷ്യരുടേയും നന്ദികേടിനു പരിഹാരമായി കൂട്ടുതലായ വിശ്വാസവും, എളിമയും, സ്നേഹവും അവിടത്തെനേരെ നമ്മൾ പ്രദർശിപ്പിക്കയും ചെയ്യണം. ഇപ്രകാരം നമ്മൾ ചെയ്യുന്നപക്ഷം ഔംശോയുടെ തിരുഹൃദയം നമ്മളെ വിശേഷവിധിയായി അനുഗ്രഹിക്കയും, തന്റെ ദാസന്മാർക്കു് വാഗ്ദാനം ചെയ്തിരിക്കുന്ന പ്രത്യേക സഹായങ്ങൾ നമുക്കു നൽകുകയും ചെയ്യുന്നതാണു്. ഈ മാസം ഇങ്ങനെ ഭക്തിപൂർവം ആചരിച്ചു് ശ്ലൂ. കുർബാനയിൽ എഴുന്നെള്ളിയിരിക്കുന്ന നമ്മുടെ കർത്താവിനെ സന്തോഷിപ്പി-

ക്കുന്നതിനും, അവിടത്തെ തിരുഹൃദയഭക്തി നിങ്ങളിൽ പ്രതിദിനം വർദ്ധിക്കുന്നതിനും ആവശ്യമായ സകല ദൈവസഹായങ്ങളും നിങ്ങൾക്കു ലഭിക്കട്ടെ എന്ന പ്രാർത്ഥിച്ചുകൊണ്ട് നാം നിങ്ങളെ എല്ലാവരേയും കർത്താവിൽ ആശീർവദിക്കുന്നു.

എന്ന്, എറണാകുളത്തുനിന്നും,

ഫൻഫ മേയ് മാസം-.

കണ്ടത്തിൽ ആഗസ്തീനോസ് മെത്രാപ്പോലീത്താ *(elect)*

✠ ഫ്രാൻസിസ് തൊമ്മനച്ചൻ

കർമ്മലീത്താ ദിവ്യകർമ്മി.

SACRATISSIMI CORDIS JESU

Nuntius ad cor sacerdotis.

Frigore, siti et fame laboro!... Bonis meis sacerdotibus dic ut amore suo me refoveant et animas mihi dent! animas! animas!... Nonne amore pro animabus mortuus sum?

Omnes Cordis mei thesauri aperti sunt!... Quo longius populi a me recedunt meque repellunt eo dulcius mea Mater instat ut in Corde meo reclusos amoris, misericordiæ et sanctificationis aperiam thesauros.

Non mediocriter quidem, sacratissimi Cordis mei cultus diffusus est, consolatione me replens multasque animas tribuens, mihi, animarum Salvatori! Et tamen *quantum adhuc abest ut infiniti Cordis mei thesauri comprehendantur!* Urget me Mater mea, urget amor meus ut hos thesauros, diffundam, ut incitem pias animas ad se in hoc misericordiæ et amoris mare immensum totas immergendas.

Oh! hanc Cordis mei invitationem usque ad extremum terræ feras; et præsertim sacerdoti meo, quem tanto amore diligo! qui meus est *alter ego!*... Ah! si scirent sacerdotes ardens meum desiderium quo intime uniri cupio *unicuique ipsorum!*

Rarissimi sunt qui ad hanc unionem perveniunt qualem ipsis hac in terra Cor meum disposuerat!...

Et ad hoc quid requiritur?...

Ut omnes animæ vires et affectus colligantur et colligentur et in Me unum qui intimo cordi adsum dirigantur! Ah! clama omnibus, sive qui in rigidis septentrionis regionibus pro me fatigantur, sive qui in Austri partibus ardent; fortibus sub vexillo meo militantibus; illis qui die noctuque animarum salvandarum servitio consumuntur, qui persecutionibus, laboribus, contradictionibus et tædiis propter me afficiuntur; *omnibus tandem clama quam vehementer eos diligam; illosque supplex ora ut Cordis mei caritate flagrantis audiant instantias* quæ illos invitant ad descendendum in intimam animam *ibique* se uniendum Illi, qui nunquam eos derelinquit ut quodammodo unum cum Me efficiantur! Tunc autem quantas illis promitto benedictiones!!

Mystica illa divinaque unio principium erit vitæ sanctæ et fecundæ longe diversæ ab illa quam hactenus duxerunt...

Multi sacerdotes optime doctrinam cognoscunt unionis qua animæ conjungor; plures illam cupiunt, sed quam pauci usu illam cognoscunt; quam pauci sacerdotes, etiam pietati zeloque studentes amicique mei devoti, sciunt me *illic, in intima sua anima esse*, quam ardenter concupisco rem *unam* efficere mecum!

Et hujus ignorantiæ quænam causa? Quia distractam et quasi in animæ suæ superficie ducunt vitam. Ah! si a rebus sensibilibus se subducere vellent atque ab humanis animi affectibus, ut sic soli descenderunt in intimam, *in imam animam suam ubi sum Ego*, cito me invenirent et qualem tunc unionis, lucis et amoris mecum vitam ducerent!

Multi, multi sacerdotes, quia recta incedunt via, seque ipsos sat diligenter custodiunt, jam contenti sunt nec ulterius quid quærunt!... Hi tamen confidenter ad meam vadant Matrem quam etiam suam esse sciunt. Ah! quantum Ipsa sacerdotes meos amat! quanto ardore pro illis supplex me orare delectatur!

Ipsa est, dulcis mea Mater, Ipsa est hac iterum vice, quæ a

me efflagitat ut omnes Cordis mei thesauros aperiam iterumque ad omnes animas pias et presertim ad bonos meos sacerdotes hanc invitationem dirigam.

Ipsa, tenera Mater mea, Cor meum delectat: delectet et corda vestra; et notum sit omnibus vobis huic Matri divini amoris secretum inesse mirabilis illius unionis quam Cor meum, immensa misericordiæ et amoris effusione, nunc omnibus suis sacerdotibus proponit, qua nova summaque gratia sancti efficiantur.

Nota. — *Scriptum hoc in chartis cujusdam religiosi Maristae, Romae mortui, repertum est, qui illud ab anima quadam, coelo specialiter cara, videtur accepisse; "Nuntium" enim quem continet non aliunde quam ex ipso S. S. Corde Jesu originem ducere apparet.*

Imprimatur,
FR. ALBERTUS LEPIDI O. P.
S. P. Ap. Magister
JOSEPH CEPPETELLI
Patr. Constantinopol. Vicesg.
22, Avenue de la Chapelle
Ruremonde, Hollande.

I.

പരീക്ഷാവിഷയം.

(a) കുബ്ബാനപ്പട്ടമേറിട്ട് പത്താംകൊല്ലമായവക്ക് Theologia Dogmatica, Theologia Moralis, Liturgia മൂഴുവനും പരിക്ഷാവിഷയമാണ്.

(b) കുബ്ബാനപ്പട്ടം കഴിഞ്ഞിട്ട് പത്താംകൊല്ലമാകാത്തവക്ക മുന്നു കൊല്ലംകൊണ്ടു മേൽപറഞ്ഞ വിഷയങ്ങൾ മൂഴുവനും ഒരാവത്തി തീരത്തക്ക വണ്ണമാണ് നിശ്ചയിച്ചിരിക്കുന്നതു. ആകയാൽ അടുത്തപരീക്ഷയ്ക്ക് താഴെകാണുന്നവ വിഷയമായിരിക്കും:

1. *Theologia Dogmatica:*— Apologia Revelationis Christianae; de fontibus divinae Revelationis; de Ecclesia Christi; de genesi et regula Fidei.

2. *Theologia Moralis:*— De actibus humanis; de conscientia; de legibus; de peccatis; de praeceptis virtutum theologicarum; de praeceptis decalogi; de praeceptis Ecclesiae.

3. Liturgia യിൽ « മാമ്മോദീസാക്രാസൂ » മുഴുവനും.

II.

ആണ്ടുകുമ്പസാരം.

ആണ്ടുകുമ്പസാരത്തിന്റെ അവധികഴിഞ്ഞു് പതിനഞ്ചു ദിവസത്തിനകം കുമ്പസാരം മുടക്കമുള്ളവരുടെ ലീസ്റ്റ് « ആത്മസ്ഥിതി » പുസ്തകംനോക്കി തിട്ടപ്പെടുത്തി ഈ കച്ചേരിയിൽ അയയ്ക്കണം. അങ്ങനെയുള്ളവരെ യോഗത്തിൽ കൂട്ടുകയാകട്ടെ പള്ളിസംബന്ധിച്ച ഏതു ജോലിയിലെങ്കിലും നിറുത്തുകയാകട്ടെ, അവരുടെ അടിയന്തരങ്ങൾ കഴിച്ചുകൊടുക്കയാകട്ടെ മറ്റുള്ളവരുടെ അടിയന്തരങ്ങളിൽ അവരെ കൂട്ടുകയാകട്ടെ ചെയ്യുകൂടാ. വിവരം മുൻകൂട്ടി രണ്ടുമൂന്നു ഞായറാഴ്ച പള്ളിയിൽ പരസ്യംചെയ്തുകൊള്ളണം.

എന്നു്, എറണാകുളത്തുനിന്നും,

ഫൻഫ മേയ് ൨൦൦൯.

കണ്ടത്തിൽ അഗുസ്തീനോസു് മെത്രാപ്പോലീത്താ *(elect)*

✠ AUG. KANDATHIL.



പത്രോസിന്റെ കാശ്ശു്.

———:o:———

ശ്ലൂ. പത്രോസിന്റെ തിരുസിംഹാസനത്തോടു നമുക്കുള്ള ഭക്ത്യാദരബഹുമാനങ്ങളുടെ ബാഹ്യചിഹ്നമായും മറും പരിശുദ്ധ പിതാവിനു അയക്കേണ്ട « കാശ്ശു് » പതിവനുസരിച്ചു് ഇക്കൊല്ലവും കഴിയുന്നവേഗം പിരിച്ചു് ജൂലായി ൪൫-ാംനു-ക്കകം ഇവിടെ കിട്ടത്തക്കവണ്ണം അയക്കണമെന്നു വെ. വികാരിഅച്ചന്മാരെ ഓർമ്മപ്പെടുത്തുന്നു. ഇക്കാശ്ശത്തിൽ, വിശിഷ്യ ഇ

യാണ്ടിൽ പൂർവ്വാധികം ശ്രേഷ്ഠതി കാണിക്കേണ്ടതാണെന്നു പ്രത്യേകം പറയണമെന്നില്ല.

എന്നു്, എറണാകുളത്തുനിന്നും,

ഫൻറെ മേയ് മാസം.

കല്പനപ്രകാരം സെക്രട്ടരി,

പയ്യപ്പിള്ളി മത്തായിക.

Mathai Payapilly.

DE IIS, QUAE REFERUNTUR AD GRAVITER AEGROTANTES, MORIBUNDOS ET MORTUOS.

(J. Antonelli, medicina Pastoralis Vol. II.)

899. Quum Parochus vel Confessarius ad aliquem aegrotantem vocatur, necesse est ut noscat utrum morbus gravis sit an levis, et utrum tempus sit ministrandi Sacramenta Ecclesiae et rite disponendi aegrotum ad transitum ad alteram vitam, ut aeterna salus ei procuretur, et disponendi res, quas forte possidet, si nondum testamentum confecerit. Officium hoc est maximi momenti, cum aeterna salus ab extremo vitae momento pendere possit, eo magis si de magno peccatore agatur, vel de homine parum vitae christianae dedito, vel si medicus et parentes negligant, ut ad tempus Sacramenta Ecclesiae administrentur, quod non raro contingit, aut si nimia spe recuperandae sanitatis aegroti decipiantur. Sacerdos igitur, qui aegrotum invisit, si gravitatem morbi noscat, facile satagere potest et debet, ut aegrotus ad tempus animae suae saluti et terrenis negotiis, si opus est, provideat. Quam ob rem, perutile ducimus nonulla hic exponere de gravioribus signis, quae frequentius in nonnullis morbis occurrunt, quorum gravitas quid age[illegible] Sacerdotem

docet. Quod quidem non tantum valet pro Sacerdotibus in civitatibus degentibus, in quibus, medicus facile vocari potest, sed multo magis pro iis Sacerdotibus, qui procul a civitatibus, vel in oppidis, vel ruri vivunt, qui nonnisi raro medicum consulere possunt, et tamen semper primi sunt ad aegrotos invisendos et non raro ex se iudicium efformare debent de gravitate morbi, etsi ad ipsos non pertineat diagnosim facere et medicamina praebere. Ignorando vero utrum morbus gravis sit nec ne et administrationem Sacramentorum hac causa negligendo, non pauca damna saluti animarum afferri possunt; dum Sacerdos vere ad harum aeternam salutem quaerendam talis a Deo constitutus sit in Ecclesia. Quod quidem magis attendendum, quia saepe aegrotus eiusque propinqui maiorem Sacerdoti quam medico fiduciam habent.

CAPUT I.

DE SIGNIS GRAVIBUS VEL SATIS PERICULOSIS, QUAE FREQUENTIUS OCCURRUNT.

900. Tam in morbis *acutis* quam in morbis *chronicis* quod primum prae oculis haberi debet, est gradus seu intensitas *febris*. Febris *consistit* in augmento caloris corporis, cuius causas hic recolere supervacaneum est.

901. Iuxta tempus, quo morbi perdurant, distinguuntur morbi *acuti* et *chronici*; tamen inter duas has morborum classes nullo modo statui possunt limites absoluti; veteres medici statuebant periodum quatuor dierum pro morbis *acutissimis*, septem dierum pro morbis *acutioribus*, viginti octo dierum pro morbis *acutis*, et quadraginta dierum pro morbis *subacutis*; omnes vero morbos, qui plus quam quadraginta diebus protrahebantur, *chronicos* appellabant [1].

[1] Lustig, *Patol. general.* 1, 29.

In praesenti, in morbis *acutis* maxime inspiciuntur symptomata vehementiora et quae habent progressum magis rapidum; in morbis *chronicis* considerantur fere eadem symptomata, sed leviora et quae magis lentum progressum habent; insuper nonnulla symptomata morborum acutorum deficere possunt; morbi chronici vero sunt graviores et periculosiores.—Nonnulla de *febri* hic in primis adiicere necessarium ducimus.

902. *Normalis temperatura* seu calor corporis in homine sano est circiter 37° C., qui per thermometrum medicum noscitur per 5-10 minuta in cavo axillae positum; cum hic calor augetur, de febri res est. Si vero thermometrum subtus 36° sistit, et 35° cum decimis vel 35° et etiam minus signat, ordinarie de proxima morte res est, ut accidit in cholera morbo, in gravissimis morbis ex infectione, in typho post haemorrhagiam etc.

(Continuabitur).

വേദപ്രചാരസംഘം.

———:o:———

പുതുഞായറാഴ്ച ദിവസങ്ങളിൽ
മലയാറ്റൂർവെച്ചു നടത്തിയ ധർമ്മോപദേശം.

നമ്മുടെ അതിരൂപതയിലുള്ള പ്രധാനപ്പെട്ട പെരുന്നാളുകൾക്കു വരുന്ന ജനങ്ങളിൽനിന്നു ഒരു ധർമ്മോപദേശം നടത്തിയാൽ നന്നായിരിക്കുമെന്നും എതൊരു സ്ഥലത്തുനിന്നെങ്കിലും ചിലവുകഴിച്ചു ഓ കെ. കിട്ടിയാൽ സംഗതി വിജയകരമായി കലാശിച്ചു എന്നു വിചാരിക്കാവുന്നതാണെന്നും മറ്റും ഞങ്ങൾ കഴിഞ്ഞ ഒരു ലക്കം "എറണാകുളം മിസ്സ്യ"ത്തിൽ എഴുതീരുന്നതു പലരും ഓർക്കുന്നുണ്ടായിരിക്കുമെന്നു വിശ്വസിക്കുന്നു. അതു എഴുതിയ ഉടനെതന്നെ പുതുഞായറാഴ്ച അടുത്തുവരികയും ഒരു പിരിവു മലയാറ്റൂർ വരുന്നവരിൽനിന്നു എടുക്കണമെന്നു നമ്മുടെ മെത്രാപ്പോലീത്താച്ചൻ തിരുമനസ്സിലെ പ്രത്യേക അനുമതിയോടുകൂടി നിശ്ചയിക്കയും ചെയ്തു. എങ്കിലും

ഇങ്ങിനെ ഒരു പിരിവെടുക്കൽ എത്രകണ്ടു മലയാറ്റൂർ പള്ളിക്കാർക്കു സന്തോഷകരമായിരിക്കുമെന്നു ഒരു ശങ്ക ഞങ്ങൾക്കുണ്ടാകാതിരുന്നില്ല. മലയാറ്റൂർക്കാർക്കു വേദപ്രചാരവേലയോടുള്ള അതിശയ താല്പര്യത്തെപ്പറ്റി ശരിയായ ജ്ഞാനം ഞങ്ങൾക്കു ആദ്യമെ ഉണ്ടായിരുന്നെങ്കിൽ ഈ ശങ്കക്കു യാതൊരു അവകാശവും ഇല്ലായിരുന്നു എന്നു പിന്നീടു നടന്ന സംഭവങ്ങൾ കൊണ്ടു തെളിഞ്ഞു. ഞങ്ങൾ വേദപ്രചാര സംഘാംഗങ്ങളായി മലയാറ്റൂർ എവിടെയെങ്കിലും പ്രധാനസ്ഥലത്തു ഒരു പന്തൽ ഇട്ടു അവിടെവച്ചു ചില പ്രസംഗങ്ങളും പണപ്പിരിവും നടത്തണമെന്നേ ആദ്യം വിചാരിച്ചിരുന്നുള്ളു. പന്തൽ ഇടുന്നതിനും മറ്റും പ്രത്യേക സഹായമൊന്നും ഞങ്ങൾ പള്ളിക്കാരിൽനിന്നു ആശിച്ചിരുന്നില്ല. എങ്കിലും പള്ളിക്കാർ ഞങ്ങളുടെ ഉദ്ദേശങ്ങൾ മനസ്സിലായപ്പോൾ ഞങ്ങൾ അശേഷം ആശിക്കാതിരുന്ന വിധത്തിലാണു ഞങ്ങളോടു അവർ പെരുമാറിയതു. ഒരു പന്തലിനു പകരം രണ്ടു പന്തൽ വേണമെന്നും അതു പള്ളിക്കാരുടെ ചിലവിന്മേൽ ഇട്ടുതരാമെന്നും കൊള്ളാമെന്നും ഈ സംഗതിക്കായി മലയാറ്റൂർ ചെല്ലുന്നവരുടെ ഭക്ഷണചിലവു പള്ളിയിൽനിന്നു നടത്തിക്കൊള്ളാമെന്നും ഈ രണ്ടു പന്തലുകളിലേക്കുമായി രണ്ടു "ഗാസ്‌ലൈറ്റ്" വിളക്കുകൾ പള്ളിക്കാർതന്നെ തന്നു കൊള്ളാമെന്നും മറ്റും അവർ അഭിപ്രായപ്പെടുകയും വിളിക്കുകയും ചെയ്തു. ഇതുപോലെതന്നെ എല്ലാം അവർ നടത്തിതരികയും ചെയ്തു. മലയാറ്റൂർ പള്ളിക്കാരെയും ആ പള്ളിയിലെ ബ. വികാരിഅച്ചനെയും ഇക്കാര്യത്തിൽ എത്രകണ്ടു അഭിനന്ദിച്ചാലും അധികമായിപ്പോയെന്നു വരില്ല. ഇങ്ങിനെയുള്ള പിരിവു ആദ്യമായിട്ടു മലയാറ്റൂർവച്ചാണു നടന്നതെന്നുള്ള അഭിമാനം മലയാറ്റൂർക്കാർക്കു എന്നും ഉണ്ടായിരിക്കുന്നതും ആണു. ഇവരുടെ ഉത്തമദൃഷ്ടാന്തം മറ്റു പള്ളിക്കാർക്കു ഒരു മാതൃകയായും തീർന്നിട്ടുണ്ടു. വേദപ്രചാരത്തിന്നായി ഈ വിധം പിരിവുകൾ നടത്തിയാൽ പള്ളിയിൽ പിഴിഞ്ഞുനേടുക്കു വല്ലകുറവും വന്നേക്കും എന്നു വിചാരിക്കുന്നവരുണ്ടെങ്കിൽ അതും അസ്ഥാനത്താണെന്നു മലയാറ്റൂരെ സംഗതികൾ തെളിയിക്കുന്നു. ഇക്കൊല്ലം കഴിഞ്ഞകൊല്ലത്തേക്കാൾ മലമുകളിൽ ൩൦൦ ക. കൂടുതൽ നേടുവരവുണ്ടായിരുന്നു.

ഞങ്ങൾക്കു ൬൦൦ ക. യോളം കിട്ടി. കൃത്യമായി പറകയാണെങ്കിൽ ഈ സംഖ്യയിൽനിന്നു ൧൫ ക. മാത്രമേ കുറവുണ്ടായിരുന്നുള്ളു. എന്നാൽ ഇക്കൊല്ലം മലയാറ്റൂർവച്ചു വേദപ്രചാരസംഘക്കാർ നടത്തിയ പരിശ്രമത്തിന്റെ ഫലം ഈ ഇരുന്നൂറു ഉറുപ്പിക മാത്രമാണെന്നു ആരും തെറ്റിധരിച്ചുപോകരുതു. ഈ സംഖ്യതന്നെ നിസ്സാരമായ ഒരു തുകയല്ല. എന്നാൽ

മലയാറൂർവച്ചു നടത്തിയ പ്രസംഗങ്ങളിൽനിന്നും മറ്റും അവിടെ കൂടീരുന്ന ജനങ്ങൾക്കു ഈ വിഷയത്തെ സംബന്ധിച്ചു സിദ്ധിച്ച കൂടുതൽ ജ്ഞാനത്തെ രൂപാ അണ പൈസയായി കണക്കാക്കുവാൻ നിവൃത്തിയില്ല. മലയാറൂർ വരുന്നവരിലും മലമുകളിൽതന്നേയും കയറുന്നവരിലും വി. തോമാശ്ലീഹാ മലയാളത്തിൽ വന്നതു എന്തിന്നാണെന്നും മറ്റും വിചാരിക്കുന്നവർ വളരെ കുറവാണെന്നു തോന്നുന്നു. ഏതൊ ഒരു നെച്ചു "കുരിശുമുത്തപ്പനു" നേരുകയും ആ നെച്ചു നിറവേറുന്നതിന്നു ജനങ്ങൾ മലകേറി വല്ല കാണിക്കയും കുരിശുപള്ളിയിൽ വച്ചിട്ടുള്ള പെട്ടിയിൽ ഇടുകയും ചെയ്യുന്നുണ്ടു. ഇതല്ലാതെ തോമാശ്ലീഹായുടെ പ്രേഷകജോലികളെപ്പറ്റിയൊ മറ്റൊ ഈ അവസരങ്ങളിൽ ചിന്തിക്കുന്നവർ നന്നാ മുരുങ്ങും. എന്നാൽ ഇക്കൊല്ലത്തെസ്ഥിതി ആലോചിച്ചാൽ വേദപ്രചാര സംഘ്യാവക പ്രസംഗങ്ങൾ വഴിയായും ഞങ്ങൾ ആയിരംകണക്കിന്നു അച്ചടിപ്പിച്ച പ്രസിദ്ധംചെയ്ത നോട്ടീസുകൾ മൂലവും മലയാറൂർ വന്ന എല്ലാവർക്കുംതന്നെ തോമാശ്ലീഹായുടെ മലയാള സന്ദർശനത്തിന്റെ ഉദ്ദേശവും അദ്ദേഹത്തെ അനുകരിക്കുന്നതിന്നു നമുക്കുള്ള ചുമതലയും ഏറ്റക്കുറെ മനസ്സിലാക്കാതെ ഇരുന്നിട്ടില്ല. ഈ ജനങ്ങളുടെ ഇടയിൽ വേദപ്രചാര വിഷയത്തിൽ ഒരു പ്രത്യേക ഉണർച്ചയും ഉണ്ടായിട്ടുണ്ടെന്നുള്ളതിന്നു സംശയമില്ല. എറണാകുളം അതിരൂപതയിലെ വേദപ്രചാര പൊതുസംഘത്തിൽനിന്നു നേരിട്ടതന്നെയാണു മലയാറൂരെ ജോലികൾ നടത്തീട്ടുള്ളതു. എങ്കിലും ഉത്സാഹികളായ കോതമംഗലത്തെ വേദപ്രചാര ശാഖാസംഘക്കാരുടെ സഹായം ഞങ്ങൾ ആവശ്യപ്പെട്ടിരുന്നു. വാളൻറ്യർമാരും മറ്റും വന്നതു കോതമംഗലത്തുനിന്നാണു. അവരുടെ ബുദ്ധിമുട്ടിന്നു തക്കവിധത്തിൽ അവരോടു നന്ദിപറയുന്നതിന്നു ഞങ്ങളാൽ സാദ്ധ്യമല്ല. ദൈവംതന്നെ അവരുടെ നന്മനസ്സിന്നും പരിശ്രമങ്ങൾക്കും തക്കതായ പ്രതിഫലം നൽകുമാറാകട്ടെ.

പ്രസംഗങ്ങൾ പറഞ്ഞും മറ്റു വിധത്തിലും പല ബ. വൈദികരും ജനങ്ങളും ഞങ്ങളെ സഹായിച്ചിട്ടുണ്ടു്. ഇവരുടെ പേരുകൾ എല്ലാം എടുത്തുപറയാൻ സ്ഥലമുതുക്കത്താൽ നിവൃത്തിയില്ലാത്തതിനാൽ വ്യസനിക്കുന്നു. ഇവരുടെ നേരെ ഞങ്ങൾ പ്രത്യേകവിധത്തിൽ കൃതജ്ഞതയുള്ളവരായിരിക്കുന്നു എന്നുള്ള സംഗതി രേഖപ്പെടുത്തിക്കൊള്ളുന്നു.

എല്ലാംകൊണ്ടും മലയാറൂരെ ഇക്കൊല്ലത്തെ പരിശ്രമങ്ങൾ ദൈവസഹായത്താൽ വിജയകരമായി പരിയവസാനിച്ചു. മേൽക്കൊല്ലങ്ങളിലും വേദപ്രചാരസംഘക്കാർ വന്നു ഇക്കൊല്ലത്തെപ്പോലെ പിരിവു നടത്തുന്നതു തങ്ങൾക്കു സന്തോഷമാണെന്നു മലയാറൂർ പള്ളിക്കാരിൽ പലരും

ഞങ്ങളോട് പറഞ്ഞു എന്നുള്ളതും പ്രത്യേകം പ്രസ്താവയോഗ്യമാണ്.

എന്നു്,

സെക്രട്ടറി.




ഏറ്റവും പ്രാചീനന്മാരായ സുവിശേഷ പ്രേഷകന്മാരെപ്പറ്റി വളരെ തുച്ഛമായി മാത്രമെ നാം കേൾക്കുന്നുള്ളൂ. ക്രിസ്തുമതം നിരാഘോഷം പ്രചരിക്കപ്പെട്ടിരുന്നുവെന്നുള്ളതും, ഉദ്യോഗമോ, അന്തസ്സോ നോക്കാതെ സ്ത്രീപുരുഷഭേദമെന്യേ എല്ലാ ക്രിസ്ത്യാനികളും വേദപ്രചാരവേലയിൽ പങ്കുകൊണ്ടിരുന്നുവെന്നുള്ളതും ആയിരിക്കാം ഇതിനുള്ള കാരണം.

ക്രിസ്തുമതാനുസാരികളായ കച്ചവടക്കാരും ഉദ്യോഗസ്ഥന്മാരും തത്വജ്ഞാനികളും സത്യവിശ്വാസപ്രചരണത്തിൽ പ്രദർശിപ്പിച്ചിരുന്നതിനേക്കാൾ ഒട്ടും അപ്രധാനമല്ലാത്ത ഔത്സുക്യം ക്രിസ്തീയ അടിമയ്ക്കും കൈത്തൊഴിലുകാരനും, പടയാളിക്കുംകൂടി ഉണ്ടായിരുന്നു. സ്ത്രീകളും പ്രേഷകവൃത്തിയിൽ ഒരുത്തമസ്ഥാനം അർഹിച്ചിരുന്നു. ഒരിജെൻ, എവുസേബിയുസ് തുടങ്ങിയ ചരിത്രകാരന്മാർ പറയുന്നതുപോലെ തങ്ങൾക്കുള്ള വസ്തുവകകളെ ദരിദ്രർക്കായി വീതിച്ചുകൊടുത്തശേഷം അജ്ഞാനരാജ്യങ്ങളിൽ മുറിസഞ്ചരിച്ച് സുവിശേഷം പ്രസംഗിച്ചോ, യുദ്ധംനിമിത്തം അടിമകളും, ആശ്രിതരും, നിസ്സഹായന്മാരും, ആയിത്തീർന്നവർക്കുവേണ്ടി തുടങ്ങിട്ടുള്ള യാതൊരു ദ്യമത്തെ പൂർത്തിയാക്കാതെയൊ, തങ്ങളുത്തന്നെ മിഷ്യനറിവേലയ്ക്കായി നിശ്ശേഷം സമർപ്പിക്കാതെയൊ ഇരിന്നിട്ടുള്ള ക്രിസ്ത്യാനികൾ തീരെ ഇല്ലെന്നുതന്നെയായിരുന്നു.

Brueck. History of the Catholic Church.
Vol. I.

റോമായിൽ ഉബ്രാൻ കോളേജിൽ പഠിച്ചുവന്നിരുന്ന കടവിൽ ബ. മാത്തൻ ശമ്മാശ്ശൻ ഇക്കഴിഞ്ഞമാസം ഫ്രാൻസു- ലത്തരാൻ ദേവാലയത്തിൽ വച്ച് കുബ്രാനപ്പട്ടമേല്ക്കുയും പിറേറദിവസം (ഉയിർപ്പു ഞായറാഴ്ച) നവപൂജ അണയ്ക്കുയും ചെയ്തു.



PRINTED AND PUBLISHED BY
REV. BRO. FRANCIS AT THE MAR LOUIS MEMORIAL PRESS,
ERNAKULAM.

ഇവിടെ വില്പാനുള്ള പുസ്തകങ്ങൾ.

———:o:——— ക. ണ. സ.

ആത്മസ്ഥിതി പുസ്തകം.
പുതിയ രീതിയിലുള്ള മാമ്മോദീസാ രജിസ്റ്റർ.
ടി. ടി. മരണ രജിസ്റ്റർ.
ബ. വൈദികരുടെ പത്തുദിവസത്തെ ധ്യാനം. „ ഫ൹. „
അനുദിനഭോജനം. — „ ന. „
വിശുദ്ധ മറിയം ദൈവത്തിന്റെ അമ്മയാണ്. „ ഉ. „
സുറിയാനിക്രമവും അതിന്റെ ലത്തീൻതർജ്ജമയും.
വി. ത്രേസ്യായുടെ ചരിത്രസംഗ്രഹം. „ ഉ. „
തെരട്ടപുസ്തകം ഒന്നുക്കു വില ൹. „ „

വേദോപദേശം പത്തു പാഠങ്ങളും,
നൊ. മണിജപവും, തിരുഹൃദയ ജപമാലയും,
ശുദ്ധീകരാത്മാവുകളെക്കുറിച്ചുള്ള പ്രാർത്ഥനയും, നമസ്കാരങ്ങളും,
മാംസം വർജ്ജിക്കേണ്ട ദിവസങ്ങളും, കടമുള്ള ദിവസങ്ങളും,
ആണ്ടുകുമ്പസാരത്തിന്റെ അനുവാദവും അടങ്ങിയ
ചെറിയ വേദോപദേശം വില്പാൻ തയ്യാറുണ്ട്.
വില പുസ്തകം ഫ ക്കു ഉ ണ.
ഫ്രാങ്ക് ഫ കമ്മീഷൻ കൊടുക്കുന്നതുമാണ്.
പുതിയ രീതിയിൽ ഉള്ള വിവാഹരജിസ്റ്റർ അടിച്ചു തയ്യാറായിരിക്കുന്നു.